"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി ലത എൽ., ഫയൽ ചെയ്ത ഒ.എ.നം.687/2020 ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 26.05.2020 - ൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.62/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2021

---

പരാമർശം:- 1 ശ്രീമതി എൽ.ലതയുടെ 22.05.2020- ലെ അപേക്ഷ.

2 ഒ.എ.നം.687/2020 ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 26.05.2020 - ൽ പുറപ്പെടുവിച്ച വിധിന്യായം.

3 മുതുകുളം ഗ്രാമ പഞ്ചായത്ത് പ്രേസിടെന്റിന്റെ 02.06.2020 - ലെ കത്ത്.

4 പഞ്ചായത്ത് ഡയറക്ടറുടെ 27.11.2020 - ലെ D2-6551/2020 നമ്പർ കത്ത്.

**ഉത്തരവ്**

മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി ലത എൽ., ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.687/2020ൽ ബഹു.ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

"first respondent to consider and pass appropriate orders on Annexure A5 in accordance with law and after affording an opportunity of personal hearing to the applicant, within a period of one month from the date of receipt of a copy of the Order. The Hon'ble Tribunal also directed that, till such time as orders are issued on Annexure A5, the applicant shall be retained at the present station if no substitute has been posted against the above station. The Hon'ble Tribunal remarked that, all the contention in the O.A are left open to be agitated before the first respondent."

പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയെ ഫോൺ വഴി 30.11.2020ൽ കേൾക്കുകയുണ്ടായി. പഞ്ചായത്ത് പ്രസിഡന്റിനെയും ഫോൺ വഴി ബന്ധപ്പെടാൻ ശ്രമിച്ചു എങ്കിലും ലഭ്യമാവുകയുണ്ടായില്ല. ഈ വിഷയത്തിൽ ശ്രീമതി ലത ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടകയുണ്ടായി-

ടിയാൾ മുതുകുളം ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ എന്നും നിയമപ്രകാരം ഒരു സ്ഥലമാറ്റത്തിന് പ്രസ്തുത പഞ്ചായത്തിൽ 3 വർഷത്തെ സേവനം പൂർത്തീകരിച്ചിട്ടില്ല എന്നും അംഗപരിമിതിയുള്ളത് കാരണം ചലനക്ഷമതയുടെ പ്രശ്നം ഉണ്ടായിരിക്കെ മുതുകുളം ഗ്രാമപഞ്ചായത്തിൽ നിയമിതയായപ്പോൾ അടുത്ത് തന്നെ ഒരു വീട് വാടകക്കെടുത്ത് ജോലി ചെയ്തുവരികയായിരുന്നു എന്നും മുതുകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിന് തന്റെ മകളുടെ

പാലിയേറ്റീവ് കെയർ ഡിപ്പാർട്ട്മെന്റിലെ നിയമനവുമായി ബന്ധപ്പെട്ടും ഭർത്താവിന് പാസ് നൽകാത്തതിനാലും തന്നോട് വ്യക്തിവൈരാഗ്യമുണ്ടായതാണ് പ്രശ്നങ്ങൾക്കൊക്കെ കാരണമെന്നും, തന്നെ സ്ഥലം മാറ്റുമെന്ന് ടിയാൾ പറഞ്ഞിരുന്നുവെന്നും അപ്രകാരമാണ് ടിയാൾക്ക് ആറാട്ട്പുഴയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയതെന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മാനുഷിക പരിഗണനയുടെ വെളിച്ചത്തിലും അതിലുപരി മുതുകുളം ഗ്രാമപഞ്ചായത്തിൽ താൻ നിയമിതയായ ജോയിനിംഗ് തീയതി മുതൽ 3 വർഷത്തേക്ക് സ്ഥലം മാറ്റാൻ നിയമമനുവദിക്കുന്നില്ല എന്ന കാരണത്താലും തന്നെ മുതുകുള ഗ്രാമപഞ്ചായത്തിൽ തുടരാൻ അനുവദിക്കണമെന്നും ശ്രീമതി ലത അപേക്ഷയിൽ സൂചിപ്പിച്ചിട്ടുണ്ട്.

2. മുതുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (3) ലെ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ് -

മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി തിരുവനന്തപുരം നെയ്യാറ്റിൻകര സ്വദേശി ശ്രീമതി ലത.എൽ, 2019 ഏപ്രിലിൽ ചാർജെടുത്തു. അന്നുമുതൽ ഈ സെക്രട്ടറിയെക്കുറിച്ച് നിരവധി പരാതികൾ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉണ്ടായികൊണ്ടിരിക്കുകയാണെന്നും പ്രസിഡന്റിനെ വിവരങ്ങൾ ബോധിപ്പിക്കാതെ തികച്ചും ഏകപക്ഷീയമായാണ് ടിയാരി കാര്യങ്ങൾ ചെയ്യുന്നതെന്നും കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും സെക്രട്ടറി നിരന്തര ലംഘിച്ചിരുന്നുവെന്നും പഞ്ചായത്ത് കമ്മിറ്റി കൂടണമെന്ന് സെക്രട്ടറിയ്ക്ക് രേഖാമൂലം അറിയിപ്പ കൊടുത്തിട്ടും അത് പാലിക്കപ്പെട്ടിട്ടില്ലെന്നും ജീവനക്കാരുടെ ഹാജർ ബുക്കുപോലുള്ള പ്രധാന രേഖകളിൽ കൃത്രിമം കാണിച്ചുവെന്നും ടിയാൾ അഭിപ്രായപ്പെട്ടു.

ഇപ്രകാരം ഭരണം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടായതുകൊണ്ടാണ് സെക്രട്ടറി ശ്രീമതി.ലത എൽ. നെ അടിയന്തിരമായി സ്ഥലം മാറ്റണമെന്ന് കാണിച്ച് 15 പഞ്ചായത്ത് മെമ്പർമാരിൽ 10പേർ ഒപ്പിട്ട ഒരു അപേക്ഷ പഞ്ചായത്ത് ഡയറക്ടർക്ക നൽകുകയും അപേക്ഷ പരിഗണിക്കുകയും ശ്രീമതി എൽ. ലതയെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റിക്കൊണ്ടുള്ള ബഹു.പഞ്ചായത്തു ഡയറക്ടറുടെ ഉത്തരവ് 22.05.2020ൽ ഉണ്ടാകുകയും അന്നു തന്നെ പെർഫോമൻസ് ആഡിറ്റ് സൂപ്രണ്ട് ശ്രീ.ആർ.ദിലീപ് കുമാറിനെ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നൽകിക്കൊണ്ട് ആലപ്പു ഡി.ഡി.പിയുടെഉത്തരവ് ഉണ്ടാവുകയും ചെയ്തു. തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ശ്രീ ദിലീപ് കുമാര സെക്രട്ടറിയായി ചാർജെടുത്തുകൊണ്ട് ജോലികൾ നിർവ്വഹിച്ചുപോരുകയും പഞ്ചായത്തു ഭരണം കാര്യക്ഷമമായി നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ് എന്നും അറിയിക്കുകയുണ്ടായി.

എന്നാൽ തിരുവനന്തപുരം നെയ്യാറ്റിൻകര സ്വദേശിയായ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി എൽ. ലത തന്റെ സ്ഥിര താമസസ്ഥലം മുതുകുളം ആണെന്ന് ബഹു. ട്രൈബ്യൂണലിനെ തെറ്റിദ്ധരിപ്പിക്കുകയും കോടതി ഉത്തരവ് വാങ്ങിയെന്നു പറഞ്ഞ് മുതുകുളത്തെ ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ട് 27.05.2020ൽ ഓഫീസിൽ വരികയും രേഖകൾ കൈവശപ്പെടുത്തുകയും ചെയ്തുവെന്നും 22.05.2020 മുതൽ സെക്രട്ടറിയുടെ ജോലി നിർവഹിച്ചു വന്നിരുന്ന ശ്രീ ദിലീപ് കുമാർ ഓഫീസിൽ വന്നപ്പോൾ അദ്ദേഹം ആവശ്യപ്പെട്ട രേഖകൾ ഒന്നും തന്നെ മുൻ സെക്രട്ടറി നൽകിയില്ലയെന്നും രണ്ട സെക്രട്ടറിമാരും ഇപ്പോൾ പഞ്ചായത്തിൽ വരുന്നുണ്ടെന്നും ഭരണസ്തംഭനം വീണ്ടും പഞ്ചായത്തിൽ ഉണ്ടായിരിക്കുന്നു എന്നും ആയതിനാൽ മുതുകുളം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്ന ഭരണ സ്തംഭനം ഒഴിവാക്കി ജനങ്ങൾക്കു വേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നും മുതുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്.

3. പഞ്ചയാത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്-

ആലപ്പുഴ ജില്ലയിലെ മുതുക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി എൽ.ലതക്കെതിരായി ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ ദാസൻ പരാതി സമർപ്പിച്ചിരുന്നു എന്നും പ്രസ്തുത പരാതിയിൽ ശ്രീമതി എൽ ലത പൊതുജനങ്ങൾക്ക് പഞ്ചായത്തിൽ നിന്നുള്ള സേവനങ്ങൾ യഥാസമയം നൽകുന്നില്ലായെന്നും അനധികൃതമായി ഓഫീസിൽ ഹാജരാകുന്നില്ലായെന്നും ജനപ്രതിനിധികളെ അവഹേളിക്കുന്ന രീതിയിൽ പെരുമാറുന്നതായും ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കുന്നില്ലായെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. ഭരണസമിതിയുമായി വിവിധ വിഷയങ്ങളിൽ സെക്രട്ടറിക്ക് അഭിപ്രായഭിന്നതയുണ്ടെന്ന് തുടങ്ങി നിരവധി ആരോപണങ്ങൾ ടിയാരിക്കെതിരെ ഉന്നയിച്ചിരുന്നുവെന്നും, ടി പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു എന്നും അറിയിച്ചിരുന്നു.

പഞ്ചായത്തിലെ അനുദിനമുള്ള പ്രവർത്തനങ്ങളും പതിവായി എത്തുന്ന വിവിധ ഉത്തരവുകളും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ അറിയിക്കാറില്ലായെന്നും ആയത് കമ്മിറ്റികളിൽ അജണ്ടയായി ഉൾപ്പെടുത്തണം എന്ന പ്രസിഡന്റിന്റെ നിർദ്ദേശങ്ങൾ പാലാക്കാറില്ലായെന്നുമുള്ള പരാതിയിൽ കഴമ്പുള്ളതായും കമ്മിറ്റി മിനുട്ട്സ് ബുക്ക് പരിശോധിച്ചതിൽ കമ്മിറ്റികളുടെ മിനുട്ട്സുകളിൽ കോവിഡ് കാലത്തെയുൾപ്പെടെയുള്ള ഉത്തരവുകളോ മറ്റ് വിശദാംശങ്ങളോ ഉൾപ്പെടുത്തിയിട്ടില്ലായെന്നും ഏപ്രിൽ, മെയ് മാസങ്ങളിൽ ചട്ട പ്രകാരമുള്ള കമ്മിറ്റികൾ ചേർന്നിട്ടില്ലായെന്നും രണ്ട് സാധാരണ യോഗങ്ങൾ തമ്മിൽ അനുവദനീയമായ സമയപരിധി പാലിച്ചിട്ടില്ലാത്തതായും വാർദ്ധക്യകാല പെൻഷൻ, സ്പെഷ്യൽ ഡിസെബിലിറ്റി പെൻഷൻ, വിധവാ പെൻഷൻ എന്നിവയിൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും തീരുമാനമെടുത്തിട്ടില്ലാത്തതായും ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോവിഡ്-19 മഹാമാരി നിലനിൽക്കുന്ന ഘട്ടത്തിൽ പ്രതിരോധ പ്രവർത്തനങ്ങളെയും മറ്റ് വികസന പ്രവർത്തനങ്ങളെയും ബാധിക്കുമെന്ന സാഹചര്യത്തിലും ഭരണസമിതിയുമായി വിവിധ വിഷയങ്ങളിൽ സെക്രട്ടറിക്ക് അഭിപ്രായഭിന്നതയുള്ളത് പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നതായുള്ള ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി എൽ ലതയെ പഞ്ചായത്ത് ഡയറക്ടറുടെ 22.05.2020 തീയതിയിലെ PAN./140/2020 E1(DP) നമ്പർ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-4ലെ ജൂനിയർ സൂപ്രണ്ട് ശ്രീ ദിലീപ് കുമാറിന് മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല നൽകി ഉത്തരവായിരുന്നു. (ഉത്തരവ് നം.ഇ2-150/2019 തീയതി 22.05.2020)

പ്രസ്തുത സ്ഥലം മാറ്റത്തിനെതിരെയാണ് ശ്രീമതി എൽ. ലത ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്യുതും തുടർന്ന് പരാമർശം (2) പ്രകാരം ബഹു. ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചതും. എന്നാൽ സർക്കാരിൽ നിന്നോ മേലധികാര സ്ഥാനങ്ങളിൽ നിന്നോ ഉത്തരവ് ലഭിക്കാതെ ശ്രീമതി എൽ. ലത മുതുകുളം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സ്വമേധയാ ചാർജ്ജ് എടുത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. മുതുകുളം സെക്രട്ടറിയായി പൂർണ്ണ അധിക ചുമതല വഹിക്കുന്ന ശ്രീ ദിലീപ് കുമാറിൽ നിന്നും ചട്ടപ്രകാരം ചാർജ്ജ് ഏറ്റെടുക്കാതെയാണ് ടിയാൾ മുതുകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതല ഏറ്റെടുത്തത്.

ഗ്രാമപഞ്ചായത്തിന്റെ വിവിധങ്ങളായ ചുമതലകൾ ഭരണസമിതിയോടൊപ്പം ചേർന്ന്

നിർവ്വഹിക്കേണ്ട സെക്രട്ടറി വിരുദ്ധ നിലപാട് സ്വീകരിക്കുന്നത് ഭരണ നിർവ്വഹണത്തെ സാരമായി ബാധിക്കുവാൻ ഇടയുള്ളതിനാലും ഭരണ സമിതിയും സെക്രട്ടറിയുമായി വിവിധ വിഷയങ്ങളിൽ അഭിപ്രായ വ്യത്യാസമുള്ളതിനാൽ ഭരണസമിതി യോഗങ്ങൾ പോലും കൃത്യസമയത്ത് വിളിച്ചുചേർക്കാനാവാത്ത സാഹചര്യമുള്ളതിനാലും പഞ്ചായത്ത് തെരഞ്ഞെടുപ്പ് ജോലികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം വരുമെന്നത് കണക്കിലെടുത്തും ശ്രീമതി എൽ ലതയെ പഞ്ചായത്ത് ഡയറക്ടറുടെ 22.10.2020 തീയതിയിലെ PAN/140/2020-E1(DP) ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവായിട്ടുള്ളതും ടിയാൾ 2.11.2020 അപരാഹ്നത്തിൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേറ്റെടുത്തിട്ടുള്ളതുമാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ലത.എൽ.നെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും മറ്റ് ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിലും പരിശോധിച്ചതിൽ മുതുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ ദാസനും പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ലതയും തമ്മിൽ പല കാര്യങ്ങളിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നെന്നും നിയമങ്ങളും ചട്ടങ്ങളും നിരന്തരം ലംഘിച്ചിരുന്നുവെന്നും ഭരണം കാര്യക്ഷമമായി നടത്തിക്കൊണ്ടു പോകാൻ സാധിച്ചിരുന്നില്ല എന്നും മറ്റും ഉള്ള ടിയാരിക്കുറിച്ചുള്ള പഞ്ചായത്തു പ്രസിഡന്റിന്റെ വാദങ്ങളും തുടർന്ന് ടിയാളെ സ്ഥലം മാറ്റിയതും ഒക്കെ അതിന്റെ സൂചനകളാണെന്ന് വിലയിരുത്തുന്നു. ടിയാളെ കേട്ടതിന്റെ അടിസ്ഥാനത്തിൽ 40% അംഗവൈകല്യമുള്ള ആൾ എന്ന നിലയിൽ (പോളിയോ കാരണം കാൽ സ്വാധീനമില്ല) കടത്ത് കടന്നൊക്കെ പോവുക അസാധ്യമാണെന്നും ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുവാൻ ടിയാൾക്ക് ഒരു മടിയുമില്ലെന്നും മുതുകളത്ത് തന്നെ ജോലി ചെയ്യണമെന്ന വാശിയൊന്നും തനിക്കില്ലെന്നും മുതുകുളം ഗ്രാമപഞ്ചായത്തിൽ 2019-ൽ നിയമിതയായപ്പോൾ രണ്ട് പെൺമക്കളെയും കൊണ്ട് അവിടെ ഒരു വാടക വീട്ടിൽ ഒരു വിധം ജീവിച്ച് വന്നപ്പോഴുണ്ടായ സ്ഥലംമാറ്റം, അതും ഗതാഗത ബുദ്ധിമുട്ടുള്ളതും സുനാമി പോലുള്ള ഭീഷണിയുള്ള ഒരു സ്ഥലത്തേക്കുള്ള സ്ഥലംമാറ്റം, തന്നെ മാനസികമായി തളർത്തിയെന്നും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് പോലെ ഇത്തരം ഭീഷണികൾ നിലനിൽക്കുന്നതൊഴികെ മറ്റേത് സ്ഥലത്തും ജോലി ചെയ്ത് ജീവിക്കാൻ തനിക്ക് യാതൊരു മടിയുമില്ലെന്നും ഹിയറിംഗ് വേളയിൽ പരാതിക്കാരി ബോധിപ്പിച്ചിട്ടുണ്ട്. ടിയാൾ മുതുകുളം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തപ്പോൾ ഉണ്ടായെന്ന് പറയപ്പെടുന്ന അച്ചടക്ക നടപടിയെക്കുറിച്ച് ടിയാൾക്ക് യാതൊരറിവുമില്ലയെന്നും അകാരണമായി തന്നെ വെറുതെ പ്രശ്നങ്ങളിലേയ്ക്ക് വലിച്ചിഴക്കുകയാണെന്നുമാണ് ടിയാരി പറഞ്ഞിട്ടുള്ളത്.

5. പഞ്ചായത്ത് പ്രസിഡന്റിന്റെ ഫോണിൽ വിളിച്ചപ്പോൾ സ്വിച്ച് ഓഫ് ആയിരുന്നു. പ്രസിഡന്റ് പങ്കെടുക്കാത്ത സാഹചര്യത്തിൽ ടിയാളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ നൽകുന്നില്ലെന്നും ജനപ്രതിനിധികളെ അവഹേളിക്കുന്ന രീതിയിൽ പെരുമാറുന്നുവെന്നും, ഭരണസമിതി തീരുമാനങ്ങൾ നടപ്പിലാക്കുന്നില്ലായെന്നും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കേണ്ടത് സർക്കാരും ഡയറക്ടറും ആയിരിക്കെ 26.05.2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നേരിട്ടുപോയി ചാർജ്ജ് എടുത്തതിനെതിരെ ടിയാൾക്കെതിരെ അച്ചടക്കനടപടി ടി ആഫീസിൽ ആരംഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. മേൽ വസ്തുതകൾ പരിശോധിച്ചതിൽ പരാതിക്കാരിയെ മുതുകുളം ഗ്രാമ പഞ്ചായത്തിൽ നിന്നും സ്ഥലംമാറ്റിയത് അനിവാര്യമായ കാര്യമായി തോന്നുന്നു. മാത്രവുമല്ല, ടിയാരിക്ക് ഇപ്പോൾ

മുതുകുളം ഗ്രാമപഞ്ചായത്തിൽ തന്നെ തുടരണമെന്നില്ല എന്നും പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് പരാതി അപ്രസക്തമായിരിക്കുന്നു. എന്നാൽ ടിയാളുടെ ശാരീരിക ബുദ്ധിമുട്ടുകൾ പരിഗണിക്കേണ്ടതും ടിയാൾക്ക് മാനുഷിക പരിഗണന നൽകി കുറച്ചുകൂടി ഭേദപ്പെട്ട ഗതാഗതയോഗ്യമായ ഒരു സ്ഥലത്തേയ്ക്ക് മാറ്റുന്നത് ഉചിതമാവും എന്ന് കരുതുന്നതിനാൽ അച്ചടക്ക നടപടികളെ ബാധിക്കാത്ത വിധത്തിൽ വരുന്ന പൊതു സ്ഥലമാറ്റത്തിൽ കുറച്ചുകൂടി ഭേദപ്പെട്ട ഗതാഗതയോഗ്യമായ ഒരു സ്ഥലത്തേയ്ക്ക് ടിയാളുടെ ഇക്കാര്യത്തിലുള്ള അപേക്ഷ കൂടി പരിഗണിച്ച് ശ്രീമതി എൽ.ലതയ്ക്ക് സ്ഥലംമാറ്റം നൽകുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) ലെ വിധിന്യായം ഇപ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

1.ശ്രീമതി എൽ.ലത, സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖേന )

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം /തൃശ്ശൂർ

3. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2021.01.11 14:54:02 IST
Reason: Approved

സെക്ഷൻ ഓഫീസർ